# അട്ടപ്പാടിയിലെ വനരക്ഷയ്ക്ക്

ശ്രീ. വി.എസ്. അച്യുതാനന്ദൻ 3-7-2006
ബഹു. കേരളമുഖ്യമന്ത്രി

സർ,

വിഷയം : അട്ടപ്പാടി-ഷോളയൂരിലെ വനംകൊള്ള സംബന്ധിച്ച്.

അട്ടപ്പാടി-ഷോളയൂർ വനമേഖല മുൻപ് മണ്ണാർക്കാട് മൂപ്പിൽ നായരുടെ ഉടമസ്ഥതയിൽ ആയിരുന്നു. അതിൽ ഭൂരിഭാഗവും പിന്നീട് 1971-ൽ സർക്കാരിൽ നിക്ഷിപ്ത വനമായി വന്നുചേർന്നു. എന്നാൽ, ഇതിൽ ചില പ്രദേശങ്ങൾ ചില വനം. റവന്യു ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ ചിലർ രേഖകൾ ചമച്ച് സ്വകാര്യ എസ്റ്റേറ്റുകളായി മാറ്റി എടുത്തു. അവയാണ് കെ.ജി.പി. എസ്റ്റേറ്റ് ശോഭാ എസ്റ്റേറ്റ്, മാളിയേക്കൽ എസ്റ്റേറ്റ്, ശിരുവാണി എസ്റ്റേറ്റ്, ഭവാനി എസ്റ്റേറ്റ് തുടങ്ങിയവ. അവിടെയാണ് കഴിഞ്ഞ മേയ് വരെ ആറുമാസമായി വ്യാപകമായി മരംമുറി നടന്നത്. ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള വനവൃക്ഷങ്ങളാണ് മുറിച്ച് കടത്തിയത്. സുമാർ 10 കോടി രൂപയുടെ മരമെങ്കിലും അവിടെനിന്ന് കടത്തിയിട്ടുണ്ട്. ഇതിൽ പലതും ഡി.എഫ്.ഒ.യുടെ പാസ്സോടുകൂടിയാണ് എന്നതാണ് ഏറെ രസകരം. കൺസർവേറ്റർ, റേഞ്ച് ഓഫീസർ തുടങ്ങിയവരുടെ അറിവോടെയാണിത്. പുറമ്പോക്ക് ഭൂമിയിൽനിന്നും വനത്തിൽനിന്നും ഒക്കെ മരം മുറിച്ചിട്ടുണ്ട്. ഇവിടെ വനഭൂമിയും റവന്യൂഭൂമിയും എസ്റ്റേറ്റ് ഭൂമിയും റീസർവേ ചെയ്ത് അളന്ന് തിരിച്ചിട്ടില്ല. ഒറ്റപ്പാലം സബ് കലക്ടർ ഡോ. ദിനേശ് അറോറയുടെ ഇടപെടലിനെ തുടർന്ന് ഫ്ളൈയിംഗ് സ്ക്വാഡ് ഡി.എഫ്.ഒ. ടി. ഉമ്മർ ആറു ലോറി മരം പിടിച്ചെടുത്ത്, കേസ് ചാർജ്ജ് ചെയ്ത് ഫോറസ്റ്റ് ഡിവിഷന് കൈമാറി. എന്നാൽ, അവർ ഈ മരവും ലോറികളും കസ്റ്റഡിയിലെടുക്കുകയോ വിശദമായ മഹസ്സർ തയ്യാറാക്കുകയോ ഉണ്ടായില്ല. ഇതേത്തുടർന്ന് ജില്ലാ കലക്ടറുടെയും സബ്ഡിവിഷനൽ മജിസ്ട്രേറ്റിന്റെയും ഉത്തരവുകൾ ഉണ്ടായിട്ടും വനംമാഫിയ കസ്റ്റഡിയിലെടുന്നതിൽ നിന്ന് മൂന്നു ലോറി മരം കടത്തിയതായി അറിയുന്നു. സബ് കലക്ടർ, സബ്ഡിവിഷനിൽ മജിസ്ട്രേട്ട് എന്ന നിലയിൽ കെ.ജി.പി., ശോഭ എന്നീ എസ്റ്റേറ്റുകൾ സീൽ ചെയ്യുകയും തെളിവെടുപ്പ് നടത്തി, മാതൃകാപരമായി ചില നടപടികൾ കൈക്കൊള്ളുകയും ഉണ്ടായി. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയാണെങ്കിൽ അട്ടപ്പാടിയിലെ വനംകൊള്ള സമ്പൂർണ്ണമായി തടയപ്പെടുന്നതിൽ സംശയമില്ല. ജനജാഗ്രത കൊടുത്ത കേസിനെ തുടർന്ന് കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് (WP(C) 14968/06) ഇവിടെ മരംമുറി നിരോധിക്കുകയും മുറിച്ചമരങ്ങൾ കടത്തുന്നത് തടയുകയും ഉണ്ടായിട്ടുണ്ട്. ഷോളയൂരിലെ ഈ എസ്റ്റേറ്റുകൾ നിലകൊള്ളുന്ന ഈ സ്ഥലത്തിന്റെ അവകാശത്തെപ്പറ്റിയും മുറിച്ചിട്ട മരങ്ങളുടെ അവകാശത്തെപ്പറ്റിയും മറ്റും രേഖകൾ പരിശോധിച്ച് തീരുമാനിക്കുന്നതിന് Cri. Rev. Pet No. 1859/06 കേസിൽ ഹൈക്കോടതി സബ്ഡിവിഷനൽ മജിസ്ട്രേട്ടിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ, ഇപ്പോൾ അദ്ദേഹത്തെ ഗവൺമെന്റ് എക്സൈസ് ജോയന്റ് കമ്മീഷണറായി ഉദ്യോഗക്കയറ്റം നൽകി തിരുവനന്തപുരംത്തേക്ക് സ്ഥലം മാറ്റിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഈ സ്ഥലംമാറ്റം ഈ കേസിലെ തുടർനടപടികളെ അട്ടിമറിക്കുമെന്നതിൽ സംശയമില്ല.

ഷോളയൂർ വനമേഖല സൈലന്റ്വാലി നാഷനൽ പാർക്കിന്റെ കരുതൽമേഖലയാണ്. അതുകൊണ്ട് ഈ വനംകൊള്ള സൈലന്റ്വാലിക്ക് അതീവഭീഷണി ഉയർത്തുന്നു. നീലഗിരി ജൈവ കരുതൽ മേഖലയിൽപെട്ടതാണ് ഷോളയൂർ. യുനെസ്കോ പറയുന്നത് ഇവിടെ നിന്ന് ഒരു പുൽക്കൊടി പറിക്കുന്നതുപോലും കരുതലോടെ വേണമെന്നാണ്. എന്നാൽ അതിഭീകരമായ ഈ മരംമുറി ഇവിടുത്തെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെ ഇങ്ങിനി വരാതവണ്ണം തകർന്നിട്ടുണ്ട്. ശിരുവാണിയുടേയും ഭവാനിയുടേയും വൃഷ്ടിപ്രദേശമാണിത്. ഈ താഴ്വാരങ്ങളിൽ നിന്നുത്ഭവിക്കുന്ന നിരവധി കൊച്ചു കൊച്ചരുവികൾ അപ്രത്യക്ഷമായിട്ടുണ്ട്. സ്വതേ മഴനിഴൽ പ്രദേശമായ കിഴക്കനട്ടപ്പാടിയിൽ ഇതുമൂലം ഗുരുതരമായ ജലക്ഷാമം ഉണ്ടാകും. മരംമുറിമൂലം മേൽമണ്ണിളകി മണ്ണൊലിപ്പിനും ഉരുൾപൊട്ടലിനും സാദ്ധ്യതയുണ്ട്. ചുരുക്കത്തിൽ, അപരിഹാര്യമായ പ്രകൃതിനാശം ഇവിടെ സംഭവിച്ചിട്ടുണ്ട്. മുത്തിക്കുളം വനമേഖലയിൽനിന്നും സൈലന്റ്വാലിയിലേക്കുള്ള ആനകളുടെ വഴിത്താര (Elephant Corridor) ഇവിടെ കൂടിയാണ്. കൂടാതെ, വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന എട്ടിൽപ്പരം ചിത്രശലഭങ്ങളും ഇവിടെയുണ്ട്.

AHADS-ന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ നടന്നുവരുന്ന പരിസ്ഥിതി പുന:സ്ഥാപന പദ്ധതിയെ ഈ വനംകൊള്ള അട്ടിമറിക്കുമെന്ന് പറയാതെ തരമില്ല. വനം വകുപ്പുമന്ത്രി ശ്രീ. ബിനോയ് വിശ്വം ഇവിടെ 23-5-06 ന് സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയെങ്കിലും യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

പ്രശ്നപരിഹാരത്തിന് താഴെ പറയുന്ന കാര്യങ്ങളിൽ അടിയന്തിര ഉത്തരവുണ്ടാകണമെന്ന് സവിനയം അപേക്ഷിക്കുന്നു.

(1) അട്ടപ്പാടിയിൽ പൂർണ്ണമായി മരംമുറി നിരോധിച്ചുകൊണ്ട് ഒരു സംരക്ഷിതമേഖലയായി പ്രഖ്യാപിക്കണം (2) ഈ പ്രദേശം പൂർണ്ണമായും സർവേ ചെയ്യുകയും വേണം (3) മരംകൊള്ളയെപ്പറ്റിയുള്ള സത്യാവസ്ഥകൾ പുറത്തുകൊണ്ടുവരുന്നതിന് പോലീസ് വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിക്കണം. (4) ഈ വനംകൊള്ളക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥരെ മാതൃകപരമായി ശിക്ഷിക്കണം.

വിശ്വാസപൂർവ്വം,
ഡോ. പി.എസ്. പണിക്കർ
സെക്രട്ടറി, ജനജാഗ്രത, പാലക്കാട്